പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1158 — 06.02.2020-ൽ മറുപടിക്ക്

## പാലം നിർമ്മാണ നടപടികളുടെ സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മഞ്ചേരിക്കുഴി പാലം നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; സ്ഥലമേറ്റെടുപ്പിനായി പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ | (എ) മഞ്ചേരിക്കുഴി പാലം നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടില്ല. സ്ഥലമേറ്റെടുക്കുന്നതിനായി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) കോരൻകടവ് പാലം നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതിന്റെ കാരണം വിശദമാക്കാമോ? | (ബി) കോരക്കടവ് പാലത്തിന്റെ നിർമ്മാണത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ട സമയം മാത്രമാണ് ഇതിൽ വന്നിട്ടുള്ളത്. കോരക്കടവ് പാലത്തിന്റെ ബാലൻസ് വർക്കിനുള്ള പുതുക്കിയ ഭരണാനുമതി 07/06/2019-ൽ നൽകിയിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ ചെയ്തു. ടെണ്ടർ കഴിഞ്ഞ് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ